# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 146 | 16-03-2015ൽ മറുപടിയ്ക്ക്

### നെൽകർഷകരുടെ പ്രശ്നപരിഹാര നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മോൻസ് ജോസഫ്<br>" സി.എഫ്.തോമസ്<br>" തോമസ് ഉണ്ണിയാടൻ<br>" റ്റി.യു. കുരുവിള | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) നെൽകർഷകരുടെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കുവാൻ സ്വീകരിച്ച വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) നെൽകർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കൃഷിവകുപ്പ് വിവിധയിനം നെൽ കൃഷി വികസന പദ്ധതികൾ, നെല്ല് സംഭരണം ഉൾപ്പെടെ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. കൃഷിവകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>**സുസ്ഥിര നെൽകൃഷി വികസനം :**<br>നെൽകൃഷി കൂടുതൽ ലാഭകരമാക്കുന്നതിനും ഉൽപ്പാദനചെലവ് ഗണ്യമായി കുറയ്ക്കുന്നതിനുമായി 2014-2015 വർഷം 8100 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തി 180000 ഹെക്ടറിൽ, ഒരു ഹെക്ടറിന് 4500 രൂപ സബ്സിഡി നിരക്കിൽ നടപ്പിലാക്കിവരുന്നു.<br>**വികസന ഏജൻസികൾക്കുള്ള ഫണ്ട്:**<br>നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി 11 നെൽകൃഷി വികസന ഏജൻസികൾക്ക് ആകെ 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>**പ്രത്യേക നെല്ലിനങ്ങളുടെ കൃഷിയ്ക്കുള്ള പ്രോൽസാഹനം :**<br>ആകെ 7 ജില്ലകളിലായി പൊക്കാളി, ഞവര, ജീരകശാല, ഗന്ധകശാല എന്നിവ കൃഷി ചെയ്യുന്നതിനായി ഹെക്ടറിന് 10000 രൂപ സബ്സിഡി നൽകി 2000 ഹെക്ടർ സ്ഥലത്ത് 200 ലക്ഷം രൂപ ചെലവഴിച്ച് പദ്ധതി നടപ്പിലാക്കി വരുന്നു. |

**പാടശേഖര സമിതികൾക്കുള്ള പ്രവർത്തന സഹായവും അടിസ്ഥാന സൗകര്യ വികസനവും:**

ഗ്രൂപ്പ് ഫാമിങ്ങ് പാടശേഖരങ്ങളുടെ പ്രവർത്തന ചെലവിനും മോഡൽ പാട ശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുമായി 302 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

**തരിശുനില നെൽകൃഷിവികസനം:**

തരിശു നില നെൽകൃഷി നടപ്പിലാക്കുന്നതിനായി 13 ജില്ലകളിൽ 1550 ഹെക്ടർ സ്ഥലത്തേക്ക് ഹെക്ടറിന് 11500 രൂപ സബസിഡി നിരക്കിൽ 178.25 ലക്ഷം രൂപയും പതിമൂന്നാം ധനകാര്യ കമ്മീഷന്റെ കുട്ടനാട് പാക്കേജ് പദ്ധതിയനുസരിച്ച് ആലപ്പുഴ, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകളിലായി 257.14 ഹെക്ടർ സ്ഥലത്തേക്ക് ഹെക്ടറിന് 30000 രൂപ സബ്സിഡി നിരക്കിൽ 77.14 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതിയനുസരിച്ച് 315.07 ലക്ഷം രൂപയുടെ പദ്ധതി പാലക്കാട് ജില്ലയിൽ നടപ്പിലാക്കി വരുന്നു. നെൽ കർഷകർക്ക് ഉൽപ്പാദന ബോണസ് നൽകുന്നതിനായി 1243.44 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു. ആർ.കെ.വി.വൈ പൊക്കാളി നെൽകൃഷി വികസന പദ്ധതിയിൽ 696.5 ഹെക്ടർ പൊക്കാളി നെൽകൃഷി, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിൽ നടപ്പിലാക്കുന്നതിനായി 69.65 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.ഇതിനും പുറമെ കോൾമേഖലയിലെ കോൾ കർഷകർക്ക് അവരുടെ മേഖലയിൽ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം നൽകുന്നതിനും പ്രാദേശിക അടിസ്ഥാന ത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനുമായി കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ സമഗ്ര കോൾ വികസന ഏജൻസി നിലവിലുണ്ട്. കൂടാതെ ആലപ്പുഴ, എറണാകുളം, കോട്ടയം, പാലക്കാട്, വയനാട്, കണ്ണൂർ, എന്നീ ജില്ലകളിൽ നെൽകൃഷി വികസന ഏജൻസികളും പ്രവർത്തിച്ചു വരുന്നു.

| | | | |
|---|---|---|---|
| (ബി) | നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ ശിപാർശ നടത്തുമോ? | (ബി) | കേന്ദ്രസർക്കാരിന്റെ താങ്ങുവില പദ്ധതിപ്രകാരം കേരളത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന കർഷകരിൽ നിന്നും നെല്ല് സംഭരണം നടത്തിവരുന്നു. കേന്ദ്ര സർക്കാർ നെല്ലിന് പ്രഖ്യാപിക്കുന്ന താങ്ങുവില (എം.എസ്.പി) കേരളത്തിലെ കർഷകരെ സംബന്ധിച്ചിട ത്തോളം കുറവായതുകൊണ്ട് സംസ്ഥാന സർക്കാർ ഒരു ഉയർന്ന സംഭരണ വില നൽകി കൊണ്ടാണ് കർഷകരിൽ നിന്ന് നെല്ല് സംഭരിക്കുന്നത്. പ്രസ്തുത വിലയ്ക്ക് കർഷകരിൽ നിന്നും നെല്ല് സംഭരിക്കുന്ന സപ്ലൈകോയ്ക്ക് എം.എസ്.പി. തുക കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്നു. സംസ്ഥാന സർക്കാർ പ്രഖ്യാപിക്കുന്ന സംഭരണ വിലയും കേന്ദ്ര സർക്കാരിന്റെ എം.എസ്.പി യും തമ്മിലുള്ള വ്യത്യാസം സംസ്ഥാന സർക്കാരിൽ നിന്നും ലഭിക്കുന്നു. കേന്ദ്ര സർക്കാർ ഇപ്പോൾ നെല്ലിന് നൽകി വരുന്ന താങ്ങുവില കിലോയ്ക്ക് 13.60 രൂപയും സംസ്ഥാന സർക്കാർ നൽകുന്ന സംഭരണ വില കിലോയ്ക്ക് 19 രൂപയുമാണ്. സംസ്ഥാനത്ത് നെല്ലിന്റെ കൃഷിചെലവ് വർദ്ധിച്ച വരുന്നതിനനുസരിച്ചാണ് സംസ്ഥാന സർക്കാർ നെല്ലിന്റെ സംഭരണ വില ഉയർത്തുന്നത്. 2011 ഫെബ്രുവരി മാസം കിലോയ്ക്ക് 14 രൂപയായിരുന്നത് ആഗസ്റ്റ് മാസം 15 രൂപയാക്കി ഉയർത്തുകയും 2012 ൽ 17 രൂപയാക്കുകയും 2013 ൽ 18 രൂപയാക്കി വർദ്ധിപ്പിക്കുകയും ചെയ്തിരുന്നു. വീണ്ടും 2013-2014 രണ്ടാം സീസൺ തുടക്കം മുതൽ തന്നെ കിലോയ്ക്ക് 19 രൂപയാക്കി സംഭരണ വില ഉയർത്തിയി ട്ടുണ്ട്. നെല്ലിന്റെ താങ്ങു വില വീണ്ടും വർദ്ധിപ്പിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ